കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-പികെഡി-19-1395/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 13-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-1395/2017 തിയ്യതി: 13-08-2017

# പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

## (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-10-2016 മുതൽ 27-6-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുനിൽദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7-7-2017 മുതൽ 17-7-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.ജയശ്രീ | 1-4-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ഗീരീഷ്.ഇ.വി | 1-4-2016 മുതൽ 28-4-2016 വരെ<br>& 18-5-2016 മുതൽ 11-7-2016 വരെ<br>11-8-2016 മുതൽ 31-3-2017 വരെ |
| | ശ്രീ.പ്രദീപ് പാസ്കൽ | 29-4-2017 മുതൽ 17-5-2017 വരെ<br>& 12-7-2016 മുതൽ 10-8-2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സണ്ണി.കെ.എസ് | 1-4-2016 മുതൽ 16-9-2016 വരെ |
| | ശ്രീമതി.വസന്ത.ആർ | 17-9-2016 മുതൽ 16-11-2016 |
| | ശ്രീ.കെ.വി.മുരളീധരൻ | 17-11-2016 മുതൽ 10-2-2017 വരെ |
| | ശ്രീമതി.സ്വാതിലക്ഷ്മി.പി.വി | 11-2-2017 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 1 | ശ്രീ. പ്രമോദ്.പി | 1-4-2016 മുതൽ 6-11-2016 വരെ |
| | ശ്രീമതി.ശ്രീജ.പി | 7-11-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 2 | ശ്രീ.പ്രമോദ്.പി | 1-4-2016 മുതൽ 31-3-2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷൈലജ.ബി | 1-4-2016 മുതൽ 31-3-2017 |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഷമിത | 1-4-2016 മുതൽ 30-6-2016 |
| | ശ്രീമതി.ഉമ.ടി.എൻ | 1-7-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-PHC | ഡോ.വിനീത.ഇ | 1-4-2016 മുതൽ 31-3-2017 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.സൗമ്യമോൾ.പി.എം | 1-4-2016 മുതൽ 31-3-2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രൻസി.എസ്.ജോൺ | 1-4-2016 മുതൽ 31-3-2017 |
| വെറ്ററിനറി സർജ്ജൻ | ശ്രീ.എസ്.കാർത്തികേയൻ | 1-4-2016 മുതൽ 31-3-2017 |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |



ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ

രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2(1) |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2(2) |
| 3 | തൊഴിൽ നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2(3) |
| 4 | ഡി&ഒ ലൈസൻസ് രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2(4) |
| 5 | പരസ്യ നികുതി നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2(5) |
| 6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ് | 2(6) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-1 |
| 2 | പൊതുടാപ്പുകൾ കുറവ് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-2 |
| 3 | മൂപ്പൻകുളം കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറേണ്ടതാണ് | 3-3 |
| 4 | മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചപ്പോൾ മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-4 |

| | | |
|---|---|---|
| 5 | എസ്.സി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ – കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിക്കാതിരുന്നതിനാൽ നഷ്ടം | 3-5 |
| 6 | കന്നുകുട്ടി പരിപാലന പദ്ധതിക്കായി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-6 |
| 7 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല-വിശദീകരണം ആവശ്യപ്പെടുന്നു | 3-7 |
| 8 | വ്യക്തിഗത കക്കൂസ് നിർമ്മാണം - അവശേഷിക്കുന്ന ടി.എസ്.സി വിഹിതം ശുചിത്വ മിഷന് തിരികെ നൽകേണ്ടതാണ് | 3-8 |
| 9 | വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF) – ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം | 3-9 |
| 10 | ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമായില്ല | 3-10 |
| 11 | പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്രവിഹിതത്തിലെ ബാക്കി തുക ഫലപ്രദമായി വിനിയോഗിക്കുന്നത് അഭിനന്ദനാർഹം | 3-11 |
| 12 | എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി കുടിശ്ശിക ഒരു കോടിയിലധികം | 3-12 |
| 13 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം | 3-13 |
| 14 | വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ് | 3-14 |
| 15 | ജി.എച്ച്.എസ് പട്ടഞ്ചേരിയുടെ കളിസ്ഥലം നിർമ്മാണം- പൈക്ക ഗ്രാന്റിന്റെ രണ്ടാം ഗഡു ലഭ്യമാക്കി കരാറുകാരന്റെ ബാധ്യത തീർക്കേണ്ടതാണ് | 3-15 |
| 16 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-16 |
| 17 | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല | 3-17 |

| | | |
|---|---|---|
| 18 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല | 3-18 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 5-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 104903433 രൂപയും ചെലവ് 102542325 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 26-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5489032 |
| വരവ് | 53964346 |
| ആകെ | 59453378 |
| ചെലവ് | 50601684 |
| നീക്കിയിരിപ്പ് | 8851694 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9731266 | 9731266 | 9731266 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 5969136 | 5969136 | 5969136 | 0 |
| വികസനഫണ്ട് ടി.സി.പി | 0 | 400000 | 400000 | 400000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 2825563 | 2825563 | 2825563 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6435003 | 6435003 | 6435003 | 0 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 2533146 | 2533146 | 2533146 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 19570 | 32293401 | 32312971 | 32253557 | 59414 |
| ബി ഫണ്ട് | 0 | 42526107 | 42526107 | 42526107 | 0 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|
| 142 | 85546138 | 52 | 32798165 | - | 90 | 38% |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 37% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്.
ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 38% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 7400000 | 6226260 | 84 |
| വി.ഇ.ഒ - I & വി.ഇ.ഒ - II | 15 | 11 | 27886100 | 8081100 | 29 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 5282600 | 3632307 | 69 |
| സെക്രട്ടറി | 17 | 11 | 6186853 | 4993230 | 81 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 98 | 19 | 34516685 | 7692136 | 22 |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 453900 | 309382 | 68 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 400000 | 400000 | 100 |
| വെറ്ററിനറി സർജ്ജൻ | 1 | 1 | 2500000 | 543750 | 22 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 920000 | 920000 | 100 |
| ആകെ | 142 | 52 | 85546138 | 32798165 | 38 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെറ്റിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ചെലവഴിച്ചത് അടങ്കലിന്റെ 25 ശതമാനത്തിൽ താഴെ തുകയാണ്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1875772 | 2126160 | 250388 | (+)13 |
| നികുതിയേതര വരവുകൾ | 472344 | 769127 | 296783 | (+)63 |
| ആകെ | 2348116 | 2895287 | 547171 | (+)23 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 12 | 12 | 7 | - |
| 2 | തൊഴിൽ രഹിത വേതനം | 14 | 14 | 9 | - |
| 3 | വിധവാ പെൻഷൻ | 66 | 66 | 2 | - |
| 4 | വികലാംഗ പെൻഷൻ | 24 | 14 | - | അന്വേഷണ ഉദ്യോഗസ്ഥനായ സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് അന്വേഷണത്തിന് നൽകിയ 10 |

| | | | | | |
|---|---|---|---|---|---|
| | | | | | അപേക്ഷകൾ തിരികെ ലഭ്യമായിട്ടില്ല. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 7 | 1 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 495 | 495 | 71 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-7-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1463 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14-6-2017 | 5/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-10-2009 | 2004-05 മുതൽ 2008-09 വരെ | 9-1-2010 | - |

## 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

## 1-12 ആഭ്യന്തര നിയന്ത്രണം

2016-17 വർഷത്തെ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും വരവുഭാഗം രേഖകളുടെ കൃത്യത മേലധികാരികൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്. തനത് ഫണ്ടിൽ നിന്നുള്ള ചെലവ് കുറയ്ക്കുന്നതിനുള്ള ക്രിയാത്മകശ്രമം നടത്തേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ. വ്യാപാര സ്ഥാപനങ്ങൾക്ക് താമസാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്തത് ക്രമീകരിക്കണം

വ്യാപാര സ്ഥാപനങ്ങളുടെ വസ്തു നികുതി നിർണ്ണയം കൃത്യമായാണോ നടത്തിയിട്ടുള്ളത് എന്ന പരിശോധനയുടെ ഭാഗമായി 2016-17 വർഷത്തെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണയ രജിസ്റ്ററുമായി താരതമ്യം ചെയ്ത് പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ഏതാനും ചില വ്യാപാര സ്ഥാപനങ്ങൾക്ക് താമസാവശ്യത്തിനുള്ള വസ്തുനികുതിയാണ് നിർണയിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | വാർഡ്/ കെട്ടിട നം. | വസ്തു നികുതി നിർണയ രജിസ്റ്റർ പ്രകാരമുള്ള നികുതി/ ഗ്രന്ഥശാലാവരി/ കെട്ടിട ഇനം |
|---|---|---|---|
| പലചരക്ക് കച്ചവടം, തൊട്ടിച്ചിപ്പതി | 68 | 10/180 | 64 + 4 പാർപ്പിടാവശ്യം |
| സോഡാഫാക്ടറി, വണ്ടിത്താവളം | 95 | 11/516 | 360 + 18 പാർപ്പിടാവശ്യം |
| ഷാജഹാൻ സ്റ്റോർ, തണ്ണീർപന്തൽ | 69 | 2/124 | 49 +3 പാർപ്പിടാവശ്യം |

ഓഡിറ്റ് നിർദ്ദേശം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇത്തരത്തിൽ തെറ്റായി ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടേയും ഡാറ്റ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.12/14-7-2017 പ്രകാരം ഈ വിഷയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അപാകത ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി. സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

തനത് വരുമാനം സ്രോതസ്സുകൾ കുറവുള്ള പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് നാളിതുവരെ പരിശോധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച കണക്ക് പ്രകാരം 8 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. എല്ലാ ടവറുകളുടേയും വസ്തു നികുതി ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ടവർ ഉടമകൾ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടെത്തി.

8 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 337354 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ |
|---|---|---|---|---|
| 1 | 6/180 വണ്ടിത്താവളം | എയർ ഡിഷ്നെറ്റ് | 6930 | 33390 (2012-13 മുതൽ) |
| 2 | 8/195 പാറക്കാട്ടുചള്ള | ഇൻഡസ് ടവർ | 14364 | 21094 (2015-16മുതൽ) |
| 3 | 8/197 പാറക്കാട്ടുചള്ള | ബി.എസ്.എൻ.എൽ | 2268 | 12565 (2012-13മുതൽ) |
| 4 | 10/13 കന്നിമാരി | ഐഡിയ | 9072 | 9072 (2016-17) |
| 5 | 10/112 കന്നിമാരി | ബി.എസ്.എൻ.എൽ | 7560 | 37800 (2012-13) |
| 6 | 11/365 തെക്കേക്കാട് | റിലയൻസ് | 11718 | 47453 (2012-13 മുതൽ) |
| 7 | 14/147 കടുചിറ | എയർ ഡിഷ്നെറ്റ് | 20580 | 164640 (2009-10 മുതൽ) |
| 8 | 14/177 കടുചിറ | എയർടെൽ | 11340 | 11340 (2016-17) |
| ആകെ | | | 337354 | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി

സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

മൊബൈൽ ടെലിഫോൺ ടവറിന് സ.ഉ(അ)നം.19/2011/ത.സ്വ.ഭ.വ തിയതി 14-1-2011 പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷാ ഫീസ് 25000 രൂപയാണ്.

മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടം ഉണ്ടാകാതിരിക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.10 തിയതി 13-7-2017 നുള്ള മറുപടിയിൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## **2-3** തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### എ. സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ സ.ഉ(എം.എസ്)നം.36/11/G.Edn പ്രകാരം

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക/അനധ്യാപക ജീവനക്കാരുടെ കുറഞ്ഞ വേതനം 01.01.2011 മുതൽ നിശ്ചയിച്ചിട്ടുണ്ട്. ഹെഡ് മാസ്റ്റർക്ക് 7000 രൂപയും പ്രൈമറി അധ്യാപകർക്ക് 5000 രൂപയുമാണ് പ്രതിമാസം ശമ്പളം നൽകേണ്ടതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാരുടെ തൊഴിൽനികുതി പത്രികകൾ പരിശോധിച്ചതിൽ അധ്യാപകരുടെ വേതനം, തൊഴിൽ നികുതി പത്രികകളിൽ മേൽ പറഞ്ഞതിലും കുറവ് തുക നൽകിയതായി രേഖപ്പെടുത്തി ആയതനുസരിച്ചുള്ള തൊഴിൽ നികുതിയാണ് അടവാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

ഈയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നു. തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കുമ്പോൾ കൃത്യത പരിശോധിച്ച് തൊഴിൽനികുതി ഡിമാന്റ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ബി. തൊഴിൽനികുതി പത്രികകളിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കേണ്ടതാണ്</u>

- സി.എച്ച്.സി നന്ദിയോട് എന്ന സ്ഥാപത്തിലെ എൻ.എച്ച്.എം ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി പത്രികയിൽ 4 ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ തൊഴിൽനികുതി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരൻ/തസ്തിക | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|
| 1 | ഡോ.ദൃശ്യദാസ്, അഡ്ഹോക് ഡോക്ടർ | 450 |
| 2 | ഡോ.ആദർശ്, അഡ്ഹോക് ഡോക്ടർ | 450 |
| 3 | ശ്രീ.മനീഷ്, സ്റ്റാഫ് നഴ്സ് | 300 |

| | | |
|---|---|---|
| 4 | ശ്രീ.വിവേക്, സ്റ്റാഫ് നഴ്സ് | 300 |

- ഓഡിറ്റ് കാലയളവിലെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ, ഇവ മതിയായ പരിശോധന നടത്താതെയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് കണ്ടെത്തി. ഭൂരിഭാഗം പത്രികകളിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ, ഉത്സവബത്ത/ബോണസ്, കുടിശ്ശിക ക്ഷാമബത്ത എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൊഴിൽനികുതി പത്രികകളിലെ രേഖപ്പെടുത്തലുകളുടെ പരിശോധന ഉറപ്പ് വരുത്തേണ്ടതാണ്.

സി. സ്ഥാപന രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ വന്നിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.12/14-7-2017 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിലെ ഗ്രാമപഞ്ചായത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനായി 2016-17 വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിൽ ചട്ടങ്ങളും വിവിധ ഉത്തരവുകളും പാലിക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം

ഓഡിറ്റ് കാലയളവിലേയും മുൻവർഷത്തെയും ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളുടെ എണ്ണം, വരവ് എന്നിവ താരതമ്യം ചെയ്തപ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് വരവിൽ നേരിയ വർദ്ധനവുണ്ടെങ്കിലും ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവു സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. വിവരങ്ങൾ താഴെ ചേർക്കുന്നു

| വർഷം | ലൈസൻസ് ഫീസ് ഒടുക്കിയ വ്യാപാരികളുടെ എണ്ണം | ലൈസൻസ് ഫീസിനത്തിലെ വരവ് |
|---|---|---|
| 2015-16 | 115 | 26920 |
| 2016-17 | 104 | 28470 |

ന്യൂ ബിൽഡിംഗ് രജിസ്റ്ററിന്റെ പരിശോധനയിൽ തൻവർഷം ഇരുപതോളം വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. ആയതിനാൽ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുന്നതിനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്.

എല്ലാ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ബി. ട്രേയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ഓഡിറ്റ് കാലയളവിലെ ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും, ഡി&ഒ ഡിമാന്റ് രജിസ്റ്ററിൽ വാർഡ് തിരിച്ച് രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാലും ഓരോ വാർഡിലും ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരവും ലൈസൻസ് പുതുക്കുന്നതിന്റെ നിജസ്ഥിതിയും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല.

സി. അപേക്ഷകളിലെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്

ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ അപൂർണ്ണമായാണ് പൂരിപ്പിച്ചിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ ഭൂരിപക്ഷം അപേക്ഷകളിലും പ്രതിദിന വിറ്റുവരവ്, യന്ത്രശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ നിർദ്ദിഷ്ട കോളത്തിൽ ലൈസൻസ് ഫീസായി അടച്ച സംഖ്യയും, രസീതി നമ്പരും, തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ചില അപേക്ഷകളിന്മേൽ അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ

തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ. ലൈസൻസ് നം. A9-2091/16/ 24-2-2016 – ഗോപി, സൈക്കിൾ ഷോപ്പ്.

ലൈസൻസ് നം. A9-1975/16/ 23-2-2016 – ഉഷാ ജോർജ്ജ്, ഓയിൽ മിൽ.

ഡി. മറ്റു വകുപ്പുകളിൽ നിന്നുള്ള അനുമതി പത്രങ്ങൾ ഉറപ്പാക്കിയിട്ടില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12(5) പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുതിപത്രങ്ങൾ ലഭ്യമായതിനു ശേഷം മാത്രമേ പഞ്ചായത്തിൽ നിന്നും ഡി &ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ തൻവർഷം ലൈസൻസ് അനുവദിച്ച ചില സ്ഥാപനങ്ങളുടെ അപേക്ഷകളോടൊപ്പം ആവശ്യമായ അനുമതി പത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

ഉദാഹരണങ്ങളും അനുബന്ധ വിവരങ്ങളും താഴെ ചേർക്കുന്നു.

1. പെട്രോൾ പമ്പ്, വണ്ടിത്താവളം (VI/81,87)

ഫയർ ഫോഴ്സിൽ നിന്നുള്ള NOC, പെട്രോളിയം & എക്സ്പ്ലോസീവ് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം, കൈവശാവകാശ രേഖ മുതലായവയൊന്നും തന്നെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

2. ഹോളോബ്രിക്സ് യൂണിറ്റ്, പാറകൊളുമ്പ് (XI/505)

മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 നമ്പർ സർക്കുലർ പ്രകാരം ഹോളോബ്രിക്സ് യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ലഭ്യമാക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചപ്പോൾ പ്രസ്തുത സാക്ഷ്യപത്രം ഉറപ്പാക്കിയിട്ടില്ല.

3. ബേക്കറി & കൂൾബാർ, വണ്ടിത്താവളം (VI/160), ന്യൂ ബേക്കറി, (VI/145)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഭക്ഷ്യോത്പന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ് ഉറപ്പാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10-1-2013 ലെ 66562/ആർ.സി3 /2012/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ഈ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിയമാനുസൃത രേഖകളുടെ സൂക്ഷിപ്പ് ഉറപ്പാക്കേണ്ടതാണ്.

ഇ. സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതണ്

സ്ഥലനാമം രേഖപ്പെടുത്തുന്നതാണെന്നും, നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽപന നടത്തുകയോ, സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നതല്ലെന്നും ഉള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുന്നില്ല.
സ.ഉ.(പി)നം.795/07/ത.സ്വ.ഭ.വ., തീയതി 16-03-2007 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ്. ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടില്ല

2016-17ൽ ഡി&ഒ ലൈസൻസ് നല്കിയ താഴെ പറയുന്ന ലൈസൻസിക്ക് 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടില്ല.

ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നം - 18

ഉടമസ്ഥ - ശ്രീമതി.ലത.പി.കെ, പാപ്പാംപള്ളം

രസീതി നം - 11505102561/24-2-2016, തുക – 500 രൂപ

ചട്ടപ്രകാരമുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.12/14-7-2017 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 പരസ്യ നികുതി നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തേക്കുള്ള പരസ്യനികുതി പിരിച്ചെടുക്കുന്നതിനുള്ള കുത്തകപ്പാട്ടം നൽകുന്നതിനായുള്ള ലേലം 25-10-2016 ന് നടക്കുകയും 2100 രൂപയ്ക്ക് ലേലം ഉറപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നം./ തിയതി | തുക | പരസ്യ നികുതി പിരിക്കുവാൻ ചുമതലയുള്ള വ്യക്തി |
|---|---|---|
| 11605102112/25-10-2016,<br>11605102534/28-12-2016 | 2100 | ശ്രീ.ശക്തിദാസ് |

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാ ബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോയുടെ അടിസ്ഥാനത്തിലല്ല പരസ്യ നികുതി ഈടാക്കിവരുന്നത്.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 209 (ബി, സി) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും പരസ്യനികുതി പിരിച്ചെടുക്കുവാൻ ലേലം ചെയ്യുകയും ലേലക്കാരൻ തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന രീതിയുമാണ് തുടർന്നുവരുന്നത്.

നിയമാനുസൃതമായി പരസ്യനികുതി പിരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/14-7-2017 നുള്ള മറുപടിയിൽ ഈ വിഷയത്തിൽ ആവശ്യമായ

നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല എന്ന് കണ്ടെത്തി.

| വർഷം | ഇ.എം.ഡി | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
|---|---|---|
| 2009-10 | 71625 | 39900 |
| 2010-11 | 0 | 12300 |
| 2011-12 | 28600 | 30100 |
| 2012-13 | 50800 | 19500 |
| 2013-14 | 3000 | 0 |
| ആകെ | 154025 | 101800 |

മൂന്നുവർഷകാലാവധി കഴിഞ്ഞിട്ടും ക്ലെയിം ചെയ്യാത്ത ഡെപ്പോസിറ്റ് തുക 255825 രൂപ കേരള ഫിനാൻഷ്യൽ കോഡ് Vol.1 Art.282(1) അനുസരിച്ച് തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുക മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.12/14-7-2017-നുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ്

# നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ പ്രതിമാസ വൈദ്യുതി ചാർജ്ജ് ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ കണക്ക്

ആകെ തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം കാണിക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. 2016-17 വർഷത്തിൽ തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപണികളുടെ രേഖകൾ പരിശോധിച്ചതിൽ 16 വാർഡുകളിൽ താഴെ പറയും പ്രകാരം എണ്ണം തെരുവുവിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| 2x40 W ട്യൂബ് | 800 |
| 1x36 W ട്യൂബ് | 1600 |
| 2x11 W സി.എഫ്.എൽ | 413 |
| 1x11 W സി.എഫ്.എൽ | 455 |
| ആകെ | 3268 |

ബി. പ്രതിമാസ വൈദ്യുതി ചാർജ്ജ്

തെരുവുവിളക്കുകൾക്ക് ഭാഗികമായി മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും 376 ലാമ്പുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുവാനുണ്ട്. മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ള തെരുവുവിളക്കുകൾക്ക് പ്രതിമാസം ശരാശരി 117000 രൂപയും മീറ്ററിന് കീഴിലല്ലാത്തവയ്ക്ക് 38258 രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിവരുന്നുണ്ട്. പ്രതിമാസം ശരാശരി 155000 രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്.

പ്രതിവർഷ വൈദ്യുതി ചാർജ്ജ് - ശരാശരി 18.60 ലക്ഷം.

80 വാട്ടിന്റെ 800 ഉം 36വാട്ടിന്റെ 1600 ട്യൂബ് ലൈറ്റുകൾ നിലവിലുണ്ട്. ഇവയുടെ ഊർജ്ജ ഉപഭോഗം കൂടുതലായതാണ് വൈദ്യുതി ചാർജ്ജ് ഇപ്രകാരം വർദ്ധിക്കുവാനിടയാക്കിയിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സി. അറ്റകുറ്റപണികൾക്കുള്ള ചെലവ്

പ്രൊ.നം. 27/17 പ്രകാരം വാർഷിക അറ്റകുറ്റപണികൾക്കായി 490000 രൂപ 2016-17 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നം. 15/31-12-2017 – 490000 രൂപ

വിവിധ ഇനങ്ങളിലുള്ള 3268 ലാമ്പുകളുടെ അറ്റകുറ്റപണി തൻവർഷം നടത്തിയിട്ടുണ്ട്.

ധനാഗമ മാർഗ്ഗങ്ങൾ പൊതുവെ കുറവായ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് വൈദ്യുതി ചാർജ്ജിനും അറ്റകുറ്റപണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ ഗണ്യമായ കുറവു വരുത്തേണ്ടത് അനിവാര്യമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എല്ലാ തെരുവു വിളക്കുകളേയും മീറ്ററിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. നിലവിലുള്ള ലാമ്പുകൾക്ക് പകരം ഊർജ്ജ ഉപഭോഗം കുറവും കൂടുതൽ ആയുസ്സുമുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉണ്ടെന്ന് കണക്കാക്കിയിട്ടുള്ളതിനാൽ ശരാശരി 10 വർഷത്തിലധികം ഈടു നിൽക്കുന്നതാണ്. വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്.

3. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന്

പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.13/14-7-2017-നുള്ള മറുപടിയിൽ അടുത്ത ഭരണസമിതിയിൽ വിഷയം ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ടും ഇക്കാര്യം അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 73 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ 31938 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 383256രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കാക്കുക എന്നതായിരുന്നു

12-ാം പദ്ധതിയുടെ സമീപനം.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/ തസ്വഭവ തിയതി 29-3-2017, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

3. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.13/14-7-2017നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മൂപ്പൻകുളം കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിപാലിച്ചുവരുന്ന മൂപ്പൻകുളം കുടിവെള്ള പദ്ധതിയിൽ പൊതു ടാപ്പുകൾ മാത്രമാണുള്ളത്. പദ്ധതിയിൽ 61 പട്ടികജാതി കുടുംബങ്ങളും 45 മറ്റ് വിഭാഗക്കാരും ഉൾപ്പെടെ ആകെ 106 കുടുംബങ്ങൾ ഉൾപ്പെടുന്നുണ്ട്. നിലവിൽ രണ്ട് പൊതുടാപ്പുകൾ മാത്രമാണുള്ളത്. ഈ പദ്ധതിയുടെ പരിസരത്തുള്ള ഭൂരിഭാഗം കുടംബങ്ങൾക്കും വീടുകളിലേക്ക് പൈപ്പ് കണക്ഷൻ ലഭ്യമായിട്ടുള്ളതായി പഞ്ചായത്ത് അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവുകൾ ഗ്രാമപഞ്ചായത്താണ്

നിർവ്വഹിച്ചവരുന്നത്. തൻവർഷം 30127 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. (കൺസ്യൂമർ നം. 1883).

15-12-2016 ന് പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളുടെ യോഗം വിളിച്ച് ചേർത്തുവെങ്കിലും ഗുണഭോക്തൃകമ്മിറ്റി രൂപീകരിക്കുവാൻ സാധിച്ചിട്ടില്ല.

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ചിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

നിലവിൽ രണ്ട് പൊതു ടാപ്പുകൾ മാത്രമുള്ള സാഹചര്യത്തിൽ കുടിവെള്ള പദ്ധതി അടിയന്തിരമായി ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.13/14-7-2017-നുള്ള മറുപടിയിൽ ഭൂരിഭാഗം ഗുണഭോക്താക്കളും പട്ടികജാതി വിഭാഗക്കാരാണെന്നും ഗുണഭോക്താക്കൾ പദ്ധതി ഏറ്റെടുക്കുവാൻ തയ്യാറാകാത്തതിനാലാണ് കൈമാറാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. വിഷയം ചർച്ച ചെയ്ത് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 മെയ്റ്റനൻസ് ഗ്രാന്റിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി തുക ചെലവഴിച്ചപ്പോൾ മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രൊ.നം. 26/17-വൈദ്യുതി ചാർജ്ജും വെള്ളക്കരവും ഒടുക്ക്

അടങ്കൽ - 1599810 (മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 1592826

ബിൽ നം. 16/31-1-2017

തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഒടുക്ക്, ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്ക് എന്നീ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 1599810 രൂപ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിൽ സ.ഉ(എം.എസ്) നം. 330/2004/ത.സ്വ.ഭ.വ തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച പൊതു ആവശ്യ ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ വിനിയോഗ മാർഗ്ഗരേഖയുടെ ലംഘനം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മാർഗ്ഗേരേഖയിലെ ഖണ്ഡിക 2.2 പ്രകാരം വിവിധ ആവശ്യങ്ങൾക്ക് പൊതു ആവശ്യ ഗ്രാന്റിനു പുറമേ ആകെ മെയ്ന്റനൻസ് ഗ്രാന്റിന്റെ (റോഡ് + നോൺ റോഡ്) 10% തുക കൂടി ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്. ആശുപത്രികളുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള തുക കൂടി ഇതിൽ ഉൾപ്പെടുന്നതാണ്. 2016-17 വർഷത്തെ മെയ്ന്റനൻസ് ഗ്രാന്റിന്റെ അലോട്ട്മെന്റ് താഴെ ചേർക്കുന്നു.

2016-17 വർഷത്തെ ബജറ്റ് അനക്സർ IV പ്രകാരം

| ഇനം | അലോട്ട്മെന്റ് |
|---|---|
| റോഡ് | 3535000 |
| റോഡിതരം | 16260000 |
| ആകെ | 19795000 |

മെയ്റ്റനൻസ് ഗ്രാന്റിന്റെ 10% തുകയായ 1979500 രൂപ ജനറൽ പർപ്പസ് ഗ്രാന്റ് എന്നതു പോലെ ചെലവഴിക്കാവുന്നതാണ്. അത്തരത്തിൽ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ചെലവ് | ഫണ്ടിനം | ബിൽ നം. / തിയതി |
|---|---|---|---|
| 110/17- ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 400000 | എം.ജി-നോൺറോഡ് | 1/14-2-2017 |

| | | | |
|---|---|---|---|
| 26/17-വൈദ്യുതി ചാർജ്ജും വെള്ളക്കരവും ഒടുക്ക് | 1592826 | എം.ജി-നോൺറോഡ് | 16/31-1-2017 |
| ആകെ | 1992826 | | |

അനുവദനീയമായ ചെലവ് 1979500 രൂപയാണെങ്കിലും 1992826 രൂപ ചെലവഴിച്ചിട്ടുണ്ട്.

അധികമായി ചെലവഴിച്ച 13326 രൂപ ക്രമീകരിക്കുന്നതുവരെ തുക തടസ്സവാദത്തിൽ വെക്കുന്നു. പ്രത്യേക ആവശ്യങ്ങൾക്കായി അനുവദിക്കുന്ന തുകകളുടെ വിനിയോഗത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.14-7-2017-നുള്ള മറുപടിയിൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അധികമായി ചെലവഴിച്ച തുക തനത്ഫണ്ടിൽ നിന്നും ക്രമീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 എസ്.സി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ – കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിക്കാതിരുന്നതിനാൽ നഷ്ടം

പ്രൊ.നം. 105/17-എസ്.സി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ

അടങ്കൽ – 1095000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് – 915400/-

ബിൽ നം. 915400 (ബിൽ നം. 29/29-3-2017)

ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിവിധ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സൈക്കിളുകളുടെ വാങ്ങലിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ

എന്നും പദ്ധതി നടത്തിപ്പ് രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമായിരുന്നോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർ പർച്ചേസ് മാന്വൽ, പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ നിബന്ധനകൾ അടിസ്ഥാനമാക്കി പദ്ധതിനടത്തിപ്പ രേഖകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>ടെണ്ടർ നടപടികളുടെ വിവരം</u>

ടെണ്ടർ പരസ്യം നം. എ2-111/16 തിയതി 2-2-2017

പത്രപരസ്യം നല്കി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള സൈക്കിളുകൾ (26T, ISI മുദ്രയുള്ളത്) വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും 4 സ്ഥാപനങ്ങൾ ടെണ്ടറുകൾ സമർപ്പിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്തിന്റെ 23-2-2017ലെ തീരുമാനം നം. 3(1) പ്രകാരം ഹീറോ ബ്രാന്റിന് മാത്രമാണ് എല്ലാ സ്ഥാപനങ്ങളും തുക രേഖപ്പെടുത്തിയിട്ടുള്ളത് എന്നത് പരിഗണിച്ച് ഹീറോ ബ്രാന്റിന്റെ രണ്ട് വിധത്തിലുള്ള സൈക്കിളുകൾക്കും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജസ്റ്റ് ബൈ സൈക്കിൾസ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും മറ്റുള്ളവ നിരസിക്കുകയും ചെയ്തു.

ടെണ്ടർ പരസ്യത്തിൽ സൂചിപ്പിച്ച സ്പെസിഫിക്കേഷൻ പ്രകാരം സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിക്കുന്നതിനുപകരം ബ്രാന്റ് നെയിം പരിഗണിച്ച് സ്ഥാപനത്തെ തെരഞ്ഞെടുത്തത് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമാണ്.

സ്പെസിഫിക്കേഷൻ അനുസരിച്ച് ആൺകുട്ടികളുടെ സൈക്കിളിന് കുറഞ്ഞ നിരക്ക് (3698) ക്വോട്ട് ചെയ്തിട്ടുള്ളത് ജസ്റ്റ് ബൈ സൈക്കിൾസ് ആണെങ്കിലും പെൺകുട്ടികളുടെ സൈക്കിളിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നത് (3740) മുരളി സൈക്കിൾ മാർട്ട്, കരുനാഗപ്പള്ളി എന്ന സ്ഥാപനമാണ്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ

ഒഴിവാക്കുന്നതിനുള്ള വ്യക്തമായ കാരണങ്ങളില്ല.

രണ്ട് സ്ഥാപനങ്ങളുടേയും ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ജസ്റ്റ് ബൈ സൈക്കിൾസ്, പാലക്കാട് | മുരളി സൈക്കിൾ മാർട്ട് കരുനാഗപ്പള്ളി | കുറിപ്പ് |
|---|---|---|---|
| ആൺകുട്ടികളുടെ സൈക്കിൾ | 3698 | 3699 | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജസ്റ്റ് ബൈ സൈക്കിൾസിന്റെ നിരക്ക് അംഗീകരിച്ചു. ആയത് ക്രമപ്രകാരമാണ്. |
| പെൺകുട്ടികളുടെ സൈക്കിൾ | 3888 | 3740 | 148 രൂപ അധികം ക്വോട്ട് ചെയ്ത ജസ്റ്റ് ബൈ സൈക്കിൾസിന്റെ നിരക്ക് അംഗീകരിച്ചു. ആയത് ക്രമപ്രകാരമല്ല. |

ജസ്റ്റ് ബൈ സൈക്കിൾസ് എന്ന സ്ഥാപനം ആൺകുട്ടികളുടെ സൈക്കിളിന് 3690 രൂപയായും പെൺകുട്ടികളുടെ സൈക്കിളിന് 3880 രൂപയായും വില നെഗോഷ്യേറ്റ് ചെയ്യുകയും താഴെ പറയും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് (നികുതി ഉൾപ്പെടെ) | തുക |
|---|---|---|---|
| ആൺകുട്ടികളുടെ സൈക്കിൾ | 124 | 3690 | 457560 |
| പെൺകുട്ടികളുടെ സൈക്കിൾ | 118 | 3880 | 457840 |
| ആകെ | 242 | | 915400 |

പെൺകുട്ടികളുടെ സൈക്കിളിന് 3740 രൂപ ക്വോട്ട് ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നുവെങ്കിൽ താഴെ പറയും പ്രകാരം ലാഭം ഉണ്ടാകുമായിരുന്നു.

| പെൺകുട്ടികളുടെ സൈക്കിൾ | എണ്ണം | നിരക്ക് | തുക | നല്കിയ തുക | അധിക ചെലവ് |
|---|---|---|---|---|---|
| | 118 | 3740 | 441320 | 457840 | 16520 |

സ.ഉ(പി)നം.259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010, 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ നിബന്ധനകൾ പ്രകാരം ബ്രാന്റ് നെയിം സൂചിപ്പിക്കാൻ പാടില്ലെന്ന നിബന്ധനയുണ്ട്.

സ.ഉ(സാധാ)നം.2464/2016/തസ്വഭവ തിയതി 17-8-2016 പ്രകാരം സൈക്കിളുകൾ, വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ലെന്ന് സൂചിപ്പിക്കുന്ന പട്ടികജാതി വികസന വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് സൈക്കളുകൾ വിതരണം ചെയ്തിട്ടുള്ളത്.

പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനം നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കുകയാണുണ്ടായത്. തെറ്റായ തീരുമാനത്തിന്മേൽ സെക്രട്ടറി കുറിപ്പ് നൽകുകയോ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയോ ചെയ്യാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ സെക്രട്ടറി നഷ്ടോത്തരവാദിയാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 13/14-7-2017 ന് തൃപ്തികരമായ മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം/തീരുമാനം

1. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 16520 രൂപ നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ ആവശ്യമായ എല്ലാ സാക്ഷ്യപത്രങ്ങളും രേഖകളും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-6 കന്നുകുട്ടി പരിപാലന പദ്ധതിക്കായി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സീനിയർ വെറ്ററിനറി സർജ്ജൻ

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 87 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായി 543750 രൂപ താഴെ പറയും പ്രകാരം കൈമാറിയിട്ടുണ്ട്.

| പ്രൊജക്റ്റ് | ബിൽ നമ്പരും തുകയും | തുക | അക്കൗണ്ട് നമ്പർ | തുക കൈപ്പറ്റിയ ഓഫീസർ |
|---|---|---|---|---|
| 109/17- കന്നുകുട്ടി പരിപാലനം. | 1/16-17 തിയ്യതി 28.3.2017 | 543750 | 7140214 00000008 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് |

പ്രസ്തുത വിഷയംത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നമ്പർ 5/ 12-7-17 ന് മറുപടി ലഭ്യമായില്ല.

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ബാക്കിയുള്ള തുക തിരികെ ഈടാക്കേണ്ടതുമാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ലഭ്യമാകുമ്പോൾ അവ കാലാകാലങ്ങളിൽ (കൃത്യമായ ഇടവേളകളിൽ) യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. റജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കുക എന്ന ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര/സംസ്ഥാനവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന്

സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്ന രീതിയിലുള്ള സർവേകളോ/ക്യാമ്പുകളോ ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഉപയോഗിക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.
ഇത്തരം രജിസ്റ്റർ തയ്യാറാക്കിയശേഷം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നിശ്ചിത ഫോറത്തിൻെറ മാതൃക ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.
രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.3/11-7-2017 നുള്ള മറുപടിയിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ശേഖരിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-8 വ്യക്തിഗത കക്കൂസ് നിർമ്മാണം - ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന ടി.എസ്.സി വിഹിതം ശുചിത്വമിഷനിലേക്ക് ഒടുക്കേണ്ടതാണ്

സമ്പൂർണ്ണ ശുചിത്വ യജ്ഞ പരിപാടിയുടെ ഭാഗമായി വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണത്തിനായി നല്കിയിരുന്ന ധനസഹായത്തിൽ വിനിയോഗിക്കാത്ത തുക ശുചിത്വ മിഷനിലേക്ക് തിരിച്ചടക്കേണ്ടതാണെന്ന് 4-12-2015 ലെ എസ്.ബി.എം.(ജി) 1032/2014 നം. കത്ത് മുഖേന ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വി.ഇ.ഒ-യുടെ ടി.എസ്.സി അക്കൗണ്ടിലെ (എസ്.ബി.ഐ ചിറ്റൂർ, അക്കൗണ്ട് നമ്പർ-67020884125) ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുകയായ 118318 രൂപ (പലിശ ഉൾപ്പെടെ) ചെക്ക് നമ്പർ 808927/16.12.16 പ്രകാരം പിൻവലിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. (രസീതി നമ്പർ-

11605400014/29.12.16). ഗ്രാമപഞ്ചായത്ത് നാളിതുവരെ തുക ശുചിത്വ മിഷനിലേക്ക് തിരിച്ചടച്ചിട്ടില്ല.

തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.7/13-7-2017 നുള്ള മറുപടിയിൽ തുക ഉടൻ പിൻവലിച്ച് ഒടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

മറ്റ് സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക ആവശ്യത്തിനായി ലഭ്യമാകുന്ന തുകകൾ യഥാസമയം വിനിയോഗിക്കുവാനും വിനിയോഗിക്കാത്ത തുക സമയബന്ധിതമായി തിരികെ നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF) - പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

വെളിയിട വിസർജ്ജന വിമുക്ത പരിപാടിയുടെ നടത്തിപ്പിനായി പുറപ്പെടുവിച്ച വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഫലപ്രാപ്തി എത്രത്തോളം ഉണ്ടായിട്ടുണ്ടെന്നും വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനിയി 15400/-രൂപ വീതം (കേന്ദ്ര വിഹിതം - 12000+ പഞ്ചായത്ത് വിഹിതം - 3400) സബ്സിഡി അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര വിഹിതം ശുചിത്വ മിഷൻ മുഖേന ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു. എന്നാൽ കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016 ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.

എ. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്ടിന്റെ വിവരം

പ്രോജക്റ്റ് നമ്പർ. 1/17-വ്യക്തിഗത കക്കൂസ് നിർമ്മാണം

അടങ്കൽ - 4758600 (വികസന ഫണ്ട്-1483600+ധനകാര്യ കമ്മീഷൻ ഗ്രാൻറ്-3275000)

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

ചെലവ് - 4758600/- രൂപ

| ക്രമ നം. | ബിൽ നം., തിയതി | പിൻവലിച്ച് തുക |
|---|---|---|
| 1 | 1/16-17/31.8.16 | 1309000 |
| 2 | 2/16-17/29.9.16 | 1960400 |
| 3 | 4/16-17/28.10.16 | 246400 |
| 4 | 5/16-17/23.11.16 | 1058000 |
| 5 | 7/16-17/31.1.17 | 10200 |
| 6 | 10/16-17/31.1.17 | 174600 |
| ആകെ | | 4758600 |

ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ 309 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 307 പേർ 2016-17 വർഷത്തിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

ട്രഷറിയിൽനിന്നും 4758600/- രൂപ പിൻവലിച്ച് വി.ഇ.ഒ.യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ ചിറ്റൂർ - അക്കൗണ്ട് നം.67020884125) നിക്ഷേപിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളത്.

നിലവിൽ 35215 രൂപ മാത്രമാണ് അക്കൗണ്ടിൽ നീക്കിയിരിപ്പായുള്ളത്. തുക തിരിച്ചടക്കേണ്ടതാണ്.

ബി. ലഭ്യമായ കേന്ദ്ര വിഹിതം ചെലവഴിച്ചില്ല

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വമിഷനിൽ നിന്നും 3208318 രൂപ കേന്ദ്ര വിഹിതമായി പദ്ധതി പൂർത്തീകരണത്തിനുശേഷം ലഭ്യമായിട്ടുണ്ട്. തുക ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക്, ഡി.ഡി നമ്പരും/. തിയ്യതിയും | തുക | തുക വരവു വെച്ചതിന്റെ വിവരം |
|---|---|---|---|
| 1 | 352516/1.12.16 | 309000 | തനത് ഫണ്ട് അക്കൗണ്ട് നം. 1088-പട്ടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്. |
| 2 | 808927/16.12.16 | 118318 | |
| 3 | 122638/27.12.16 | 1297800 | |
| 4 | 111509/11.3.17 | 1483200 | |
| ആകെ | | 3208318 | |

സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടത്തിപ്പിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് തുക ചെലവഴിച്ചിട്ടില്ല. ആയതിനാൽ 3208318 രൂപ നിഷ്ക്രിയമായി തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 12 ലക്ഷം രൂപ വകയിരുത്തി 4 പ്രൊജക്റ്റുകൾ 2016-17 വർഷത്തിൽ ആവിഷ്കരിച്ചുവെങ്കിലും നടപ്പിലായില്ല.

സി. വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്ത്

26-10-2016 തിയ്യതിയിൽ ഗ്രാമപഞ്ചായത്ത് വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായ തുക ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

2. സ.ഉ(പി)നം. 177/2006/ധനം തിയതി 12-4-2006, സ.ഉ(പി)നം. 119/2015/ധനം തിയതി 21-3-2015 പ്രകാരമുള്ള ഉത്തരവ് പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി പിൻവലിക്കുവാൻ പാടില്ലെന്നും ഓരോ മാസാവസാനവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന കാഷ്, ഡി.ഡി തുകകൾ തിരിച്ചടക്കണമെന്നും നിർദ്ദേശമുണ്ട്. ആയത് ശ്രദ്ധിക്കേണ്ടതാണ്.

4. വിനിയോഗിക്കാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന വികസനഫണ്ട് ഉചിതമാർഗ്ഗേന തിരിച്ചടക്കേണ്ടതാണ്.

5. സർക്കാർ ഉത്തരവ്(സാധാ)നം.1805/2014/തസ്വഭവ തിയതി 14-07-2014 പ്രകാരം

ഉണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ബിൽ നമ്പർ 3, 4, 5, 6 എന്നിവ പ്രകാരം പിൻവലിച്ച തുകകൾ നല്കിയിരിക്കുന്നത് ചെക്ക് മുഖേനയാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 11/14-07-2017 നുള്ള മറുപടിയിൽ തുക തിരിച്ചടക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമായില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം 3 പോഷകാഹാര പരിപാടി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പോഷകാഹാരപരിപാടിക്കായി തൻവർഷം വികസനഫണ്ടിൽ നിന്നും 1840419/- രൂപയും കേന്ദ്രഫണ്ട് ഇനത്തിൽ 1000000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പോഷകാഹാരത്തിനായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷൻെറയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ ലാബ് റിപ്പോർട്ടിനായി ഫുഡ് സാമ്പിളുകൾ നല്കിയിരുന്നെങ്കിലും റിപ്പോർട്ട് നാളിതുവരെ ലഭ്യമായില്ല എന്ന് സൂചിപ്പിച്ചിരിക്കുന്നു.

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടത് പ്രധാനപ്പെട്ടതാകയാൽ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-11 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ

## കേന്ദ്രസഹായത്തിൽ ബാക്കിയായ തുക ഫലപ്രദമായി വിനിയോഗിക്കുന്നത് അഭിനന്ദനാർഹം

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1481390 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ (പട്ടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് – അക്കൗണ്ട് നമ്പർ-1088, എസ്.ബി.ഐ ചിറ്റൂർ - അക്കൗണ്ട് നമ്പർ-67325121317, ട്രഷറി അക്കൗണ്ടിലും) അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1832080 |
| തൻവർഷത്തെ വരവ് | 1346218 |
| ആകെ | 3178298 |
| ചെലവ് | 1696908 |
| ബാക്കി | 1481390 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതനുസരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

### ഒറവ് അങ്കണവാടി കെട്ടിടനിർമ്മാണം

2016-17 വർഷത്തിൽ കേന്ദ്രഫണ്ടിലെ നീക്കിയിരിപ്പ് തുകയിൽ നിന്നും 10 ലക്ഷം രൂപ വകയിരുത്തി ഒറവ് അങ്കണവാടിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുകയും നിലവിൽ

പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. വാട്ടർ കണക്ഷൻ, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്.



ഒറവ് അങ്കണവാടി കെട്ടിടം

<u>ബാക്കി തുകയുടെ വിനിയോഗം</u>

സർക്കുലറിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, നീക്കിയിരിപ്പായി അവശേഷിക്കുന്ന 1481390/- രൂപയിൽ 2017-18 സാമ്പത്തിക വർഷത്തിൽ അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി 1303092/- രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം. 1/11-7-2017 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

കേന്ദ്രവിഹിതത്തിന്റെ ബാക്കി തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ ഉപയോഗിക്കുന്ന നടപടി അഭിനന്ദനാർഹമാണ്.

അങ്കണവാടി കെട്ടിടങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നം.എ-1/10034/16 പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി കുടിശ്ശിക ഒരു കോടിയിലധികം

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത 84 പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 10004257/- രൂപ തൊഴിലാളികൾക്ക് നല്കുവാൻ കുടിശ്ശികയുള്ളതായി കണ്ടെത്തി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിലെ വകുപ്പ് 3(3), തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.02.15 ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14 പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസം കൂലി നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഫണ്ട് ലഭ്യമായാലുടൻ കുടശ്ശിക തിർക്കേണ്ടതാണ്.

## 3-13 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ 98 പ്രവൃത്തികളിൽ 19 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 34516685/- രൂപയിൽ 7692136/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (22%).

അംഗീകാരം ലഭ്യമാക്കിയ 98 പ്രൊജക്റ്റുകളിൽ 54 എണ്ണവും മെയ്ന്റനൻസ് ഗ്രാന്റ് - റോഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടതായിരുന്നു. 54 പ്രവൃത്തികളും തൻവർഷം നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ വകയിരുത്തിയ 16260126/- രൂപയും ചെലഴിക്കുവാൻ സാധിച്ചിട്ടില്ല.

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുന്നില്ല.
2. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസിൽ ഭരണസമിതി ടെണ്ടർ അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും രേഖപ്പെടുത്തുന്നില്ല.
3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
4. കാലഹരണപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.
5. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന കരാറുകാരുടെ അപേക്ഷ, കാലാവധി നീട്ടിക്കൊടുക്കുവാനുള്ള അസിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശ, ഭരണസമിതിയുടെ തീരുമാനം തുടങ്ങിയ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

രേഖകളുടെ സൂക്ഷിപ്പിൽ കൃത്യതയുണ്ടാകേണ്ടതാണ്.

കരാറുകാർ ടാർ വാങ്ങുന്നതിൽ കാലതാമസം വരുത്തിയതിനാൽ ടാറിംഗ് പ്രവൃത്തികൾ തുടങ്ങുവാൻ സാധിക്കാതിരുന്നതിനാലാണ് പ്രവൃത്തികളുടെ എണ്ണം കുറവായതെന്ന് അസി. എഞ്ചിനിയർ ഓഡിറ്റ് അന്വേഷണം നം. 8/13-7-2017നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

# 3-14 വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമാക്കേണ്ടതാണ്

വിവിധ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ്

തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 22/17-ഒറവ് അങ്കണവാടി കെട്ടിട നിർമ്മാണം | 1000000 | 2 | 4000 | 200 | 23-9-2016 |
| 2 | 13/17-കളിസ്ഥല നിർമ്മാണം | 540000 | 3 | 3240 | 162 | 23-9-2016 |
| 3 | 18/17-പുള്ളിമാൻചള്ള തരകൻചള്ള റോഡ് | 3305000 | 5 | 12500 | 625 | 4-1-2017 |
| 4 | അമ്പാട്ടുപറമ്പ് എസ്.സി കോളനി റോഡ് പുനരുദ്ധാരണം<br>(കോർപ്പസ് ഫണ്ട്- ജില്ലാ കളക്ടർ മുഖേന) | 1000000 | 2 | 4000 | 200 | 4-1-2017 |
| 5 | 33/17-ആറാംപാടം റോഡ് കമ്പനി കാവിൽകളം റോഡ് റീടാറിംഗ് | 600000 | 2 | 2400 | 120 | 10-2-2017 |
| 6 | 63/17-ചേരിങ്കൽ മാരിയമ്മൻ കോവിൽ റോഡ് റീടാറിംഗ് | 750000 | 2 | 3000 | 150 | 10-2-2017 |
| 7 | 80/17-പുത്തൻകുടി എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് | 550000 | 5 | 5500 | 275 | 10-2-2017 |
| 8 | 105/17-നാവുക്കോട് എസ്.സി കോളനി റോഡ് നിർമ്മാണ് | 600000 | 3 | 3600 | 180 | 10-2-2017 |
| 9 | 101/17-പെരുഞ്ചേരി റോഡ് പുനരുദ്ധാരണം | 790000 | 4 | 6320 | 316 | 10-2-2017 |
| 10 | 138/17-വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ | 600000 | 4 | 4800 | 240 | 22-3-2017 |
| 11 | 139/17-വിവിധ വാർഡുകളിൽ ബോർവെൽ സ്ഥാപിക്കൽ | 920000 | 4 | 7360 | 368 | 22-3-2017 |

| | | | |
|---|---|---|---|
| ആകെ | 56720 | 2836 | |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 56720/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക 2836/- രൂപ വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 8/13-7-2017 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

# 3-15 ജി.എച്ച്.എസ് പട്ടഞ്ചേരിയുടെ കളിസ്ഥലം നിർമ്മാണം- പൈക്ക ഗ്രാന്റിന്റെ രണ്ടാം ഗഡു ലഭ്യമാക്കി കരാറുകാരന്റെ ബാധ്യത തീർക്കേണ്ടതാണ്

പ്രൊ.നം. 66/16-ജി.എച്ച്.എസ് പട്ടഞ്ചേരിയുടെ കളിസ്ഥലം നിർമ്മാണം

അടങ്കൽ - 540000/- (പൈക്ക ഗ്രാന്റ് - കേന്ദ്രവിഹിതം - 400000 + സംസ്ഥാന വിഹിതം - 140000)

പട്ടഞ്ചേരി ജി.എച്ച്.എസിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി പൈക്ക ഗ്രാന്റ് അനുവദിക്കുകയും ഗ്രാമപഞ്ചായത്തിനെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് രേഖകളുടെ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 22-9-2012 ലെ കെ.എസ്.എസ്.സി/പൈക്ക /OTSCG/1494/2010 നം. കത്ത് പ്രകാരം പട്ടഞ്ചേരി ജി.എച്ച്.എസിൽ കളിസ്ഥലം നിർമ്മാണത്തിനായി 540000/- രൂപ വകയിരുത്തിയതായി അറിയിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 27-1-2014 ലെ കെ.എസ്.എസ്.സി/പൈക്ക/ OTSCG/1494/2010 നം. കത്ത് പ്രകാരം മുൻകൂറായി അനുവദിച്ച 4 ലക്ഷം രൂപ (ചെക്ക് നം. 553920/27-1-2014) ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവു വെച്ചിട്ടുണ്ട്. തുക 2013-14 വർഷത്തിൽ ലഭിച്ചിരുന്നുവെങ്കിലും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് 2016-17 വർഷത്തിലാണ്. പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കരാറുകാരൻ - ശ്രീ.ആർ.ബോസ്

എഗ്രിമെന്റ് - 3/16-17/24-10-2016

അടങ്കൽ - 540000/-

കരാർ തുക - 486054/-

എം.ബുക്ക് നം. - 74/14-15, 75/14-15

പ്രവൃത്തിമൂല്യം - 486054/-

ചെക്ക് നം. നം. 1383579/28-3-2017 - 370836, 1383580/28-3-2017 - 24303, 1383581/28-3-2017 – 4861

ആകെ - 400000/-

കരാർ അനുസരിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും പൈക്ക ഗ്രാന്റിനത്തിൽ ലഭ്യമായ 400000/- രൂപ മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത്. പൈക്ക ഗ്രാന്റിന്റെ രണ്ടാം ഗഡു ലഭ്യമാകാത്തതിനാൽ കരാറുകാരന് 86054/- രൂപ നാളിതുവരെ അനുവദിച്ചിട്ടില്ല.
രേഖകളുടെ പരിശോധനയിൽ രണ്ടാം ഗഡു ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ലെന്ന് കണ്ടെത്തി.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 27-1-2014 ലെ കെ.എസ്.എസ്.സി/പൈക്ക/ OTSCG/1494/2010 നം. കത്തിൽ ഒന്നാം ഗഡുവിന്റെ വിനിയോഗ സാക്ഷ്യപത്രവും പ്രോഗ്രസ് റിപ്പോർട്ടും ലഭ്യമായ ശേഷം മാത്രമേ അന്തിമ ഗഡു ലഭ്യമാക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ സ്പോർട്സ് കൗൺസിലിന് നൽകിയിട്ടില്ല.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 8/13-7-2017നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തുമായി ആലോചിച്ച് അടിയന്തിര നടപടികൾ സ്വീകരിച്ച് സ്പോർട്സ്

കൗൺസിലിൽ നിന്നും ബാക്കി തുക ലഭ്യമാക്കി കരാറുകാരന്റെ കുടിശ്ശിക തീർപ്പാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000/- രൂപയും കൂടിയത് 25000/- രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | അവസാന തിയതി | | (1%) |
| 1 | 165/16-നെടുമ്പള്ളം എസ്.സി കോളനി റോഡ് മെയ്ന്റനൻസ്<br><br>അടങ്കൽ - 249150<br><br>കരാർ തുക - 249150<br><br>കരാറുകാരൻ - ശ്രീ.കെ.ഹരിദാസ്<br><br>എം.ബുക്ക് നം. - 105/15-16<br><br>ബിൽ നം. 1/16-12-2016 - 241920 | 4-2-2016 | 18-2-2016 | 1-8-2016<br><br>നം. 2 | 2492 |
| 2 | 152/16-ഒറവ് അങ്കണവാടി കെട്ടിട നിർമ്മാണം<br><br>അടങ്കൽ - 1000000<br><br>കരാർ തുക - 999400<br><br>കരാറുകാരൻ - ശ്രീ.കെ.എം.രാധാകൃഷ്ണൻ<br><br>എം.ബുക്ക് നം. - 110/15-16<br><br>ചെക്ക് നം. നം. 21601034/<br><br>31-3-2017 - 696908 (ഒന്നാം പാർട്ട് ബിൽ) | 29-9-2016 | 13-10-2016 | 24-10-2016<br><br>നം. 4 | 9994 |
| 3 | 14/17-ജി.എച്ച്.എസ് പട്ടഞ്ചേരി-കളിസ്ഥലം നിർമ്മാണം<br><br>അടങ്കൽ - 540000<br><br>കരാർ തുക - 486054<br><br>കരാറുകാരൻ - ശ്രീ.ആർ.ബോസ്<br><br>എം.ബുക്ക് നം. - 74/14-15, 75/14-15<br><br>ചെക്ക് നം. 1383579/28-3-2017 - 370836,<br><br>1383580/28-3-2017 - 24303, | 29-9-2016 | 13-10-2016 | 24-10-2016<br><br>നം. 5 | 4861 |

| | | | | | |
|---|---|---|---|---|---|
| | 1383581/28-3-2017 - 4861<br><br>ആകെ - 400000 | | | | |
| ആകെ | | | | | 17347 |

കരാറുകാർ എഗ്രിമെന്റ് വെക്കുവാൻ കാലതാമസം വരുത്തിയിട്ടും പിഴ ഈടാക്കാതെ എഗ്രിമെന്റ് വെക്കുവാൻ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.8/13-7-2017-നുള്ള മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

ഈടാക്കുവാൻ വിട്ടുപോയ പിഴ ഈടാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-17 എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനിയർ കരാറുകാരുമായി ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴ കൂടാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടി നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പീലിയോട് എസ്.സി കോളനി റോഡ് കോൺക്രീറ്റ്

| | |
|---|---|
| പ്രൊ.നം. 136/16 (20/17) | അടങ്കൽ- 250000 രൂപ<br>കരാർ തുക - 250000രൂപ |
| എഗ്രിമെന്റ് നം. - 59/20-8-2015 | |
| ചെലവ് - 250000 രൂപ | ബിൽ നം.3/ 29-3-2017 |
| കരാറുകാരൻ - ശ്രീ. കെ.എം. രാധാകൃഷ്ണൻ | അളവ് പുസ്തകം നം. 76/14-15 |

31-3-2016-ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 3-3-2017നാണ്. കരാറുകാരൻ പൂർത്തീകരണ തിയതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലാവധിയുടെ 20% വരെ പിഴകൂടാതെ അനുവദിക്കാവുന്നതാണെങ്കിലും ആയതിനു ശേഷം വരുന്ന കാലയളവിലേക്ക് എഗ്രിമെന്റ് പ്രകാരമുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തിയതി | 20-8-2015 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | 31-3-2016 |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 3-3-2017 |
| ഗ്രേസ് പിരീഡ് | 20-8-2015 മുതൽ 31-3-2016 വരെയുള്ള കാലാവധിയുടെ 20%.<br>224*20/100 -45 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 16-5-2016 മുതൽ 15-8-2016 വരെ (1%) - 250000*1/100 = 2500 രൂപ<br>16-8-2016 മുതൽ 15-11-2016 വരെ<br>(2%) - 250000*2/100 = 5000 രൂപ<br>16-11-2016 മുതൽ 15-2-2017 വരെ<br>(2%) - 250000*2/100 = 5000 രൂപ<br>16-2-2017 മുതൽ 3-3-2017 - 2%) - 250000*2/100 * 16/90 = 889 രൂപ<br>ആകെ - 13389 |
| ഈടാക്കിയത് | 0 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | 13389/- രൂപ |

2. അങ്കണവാടി ടോയ്‌ലറ്റ് നിർമ്മാണം - 3 എണ്ണം

| | |
|---|---|
| പ്രൊ.നം. 130/15, 15/17 | അടങ്കൽ- 415007 രൂപ<br>കരാർ തുക - 415007 രൂപ |
| എഗ്രിമെന്റ് നം. - 77/18-3-2015 | |
| ചെലവ് - 304578 രൂപ | ബിൽ നം.2/<br>18-3-2017 |
| കരാറുകാരൻ - മാനേജിംഗ് പാർട്ണർ, കൊട്ടുവായൂർ കൺസ്ട്രക്ഷൻസ് | അളവ് പുസ്തകം നം. 111/15-16 |

31-3-2015ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 18-4-2016നാണ്. കരാറുകാരൻ പൂർത്തീകരണ തിയതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലാവധിയുടെ 20% വരെ പിഴ കൂടാതെ അനുവദിക്കാവുന്നതാണെങ്കിലും ആയതിനു ശേഷം വരുന്ന കാലയളവിലേക്ക് എഗ്രിമെന്റ് പ്രകാരമുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തിയതി | 18-3-2015 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | 31-3-2015 |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 18-4-2016 |
| ഗ്രേസ് പിരീഡ് | 18-3-2015 മുതൽ 31-3-2015 വരെയുള്ള കാലാവധിയുടെ 20%.<br>14*20/100 -3 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 4-4-2015മുതൽ 3-7-2015 വരെ (1%) - 415007*1/100 = 4150 രൂപ<br>4-7-2015 മുതൽ 3-10-2015 വരെ<br>(2%) - 415007*2/100 = 8300 രൂപ<br>4-10-2015 മുതൽ 3-1-2016 വരെ<br>(2%) - 415007*2/100 = 8300 രൂപ<br>4-1-2016 മുതൽ 3-4-2016 - 2%) - 415007*2/100 = 8300 രൂപ<br>4-4-2016 മുതൽ 18-4-2016 - 2%) - 250000*15 /90 x2/100= 1383/- രൂപ |

| | |
|---|---|
| | ആകെ - 30433/- |
| ഈടാക്കിയത് | 0 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | 30433/- രൂപ |

പൂർത്തീകരണം വൈകിയ പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.8/13-7-2017-ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമായിരുന്നില്ല. പൂർത്തീകരണ തിയതി ദീർഘിപ്പിക്കുവാനുള്ള കരാറുകാരന്റെ അപേക്ഷ, അസി.എഞ്ചിനിയറുടെ അന്വേഷണ റിപ്പോർട്ട്, ശുപാർശ, ഭരണസമിതി തീരുമാനം, സപ്ലിമെന്ററി എഗ്രിമെന്റ് തുടങ്ങിയ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഈടാക്കുവാൻ വിട്ടുപോയ പിഴ കരാറുകാരിൽ നിന്നും ഈടാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-18 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

2016-17 വർഷത്തിൽ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിർവ്വഹ ഉദ്യോഗസ്ഥൻ | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | 116/17-ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (നവ്വക്കോട്, നെടുമ്പള്ളം എസ്.സി കോളനികളിൽ) | സെക്രട്ടറി | 22/10-3-2017<br>26/10-3-2017 | 29627<br>36373 |
| ആകെ | | | | 66000 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല.

സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 13/14-7-2017 നുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

സാക്ഷ്യപത്രം ലഭ്യമാക്കി തുക ബാക്കിയുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 309000 | ഒ.ഡി.എഫ് | 0 | 309000 |
| | | 250000 | പെയ്ൻ & പാലിയേറ്റീവ് | 55482 | 194518 |
| ജില്ലാ പഞ്ചായത്ത് | | 3000000 | ഉഴവുകൂലി | 3000000 | 0 |
| ശുചിത്വ മിഷൻ | | 2899318 | ഒ.ഡി.എഫ് | 0 | 2899318 |
| ബ്ലോക്ക് പഞ്ചായത്ത് | | 520000 | പാൽ സബ്സിഡി | 520000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 100000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | 116/17- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22/10-3-2017<br>26/10-3-2017 | 29627<br>36373 | -<br>- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3239 രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2013-14 &14-15 | 3-11 | 750<br>2489 | 11605100681/2-6-2016<br>11605100769/13-6-2016 | ശ്രീ.സേതു, അസി.എഞ്ചിനിയർ |
| ആകെ | | 3239 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53964346 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50601684 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 77689 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13326 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | - | 16520 | ശ്രീ.ഗിരീഷ്.ഇ.വി, സെക്രട്ടറി |
| 3-16 | - | 17347 (Fine) | ശ്രീമതി.ഉമ.ടി.എൻ, അസി.എഞ്ചിനിയർ |
| 3-17 | - | 43822 (Fine) | ശ്രീമതി.ഉമ.ടി.എൻ, അസി.എഞ്ചിനിയർ |
| ആകെ | - | 77689 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 13326 | ശ്രീ.ഗിരീഷ്.ഇ.വി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗിരീഷ്.ഇ.വി, സെക്രട്ടറി | സെക്രട്ടറി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | ശ്രീകൃപ, എഴുത്താണി, വിളയോടി(പി.ഒ), പാലക്കാട്-679103 |
| ശ്രീമതി.ഉമ.ടി.എൻ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | തെക്കേ മഠം വീട്, കൊടകര(പി.ഒ), തൃശ്ശൂർ-680684 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9/597/99/24-9-1999 | 8 |
| 1997-98 | എൽ.എഫ്.പി12/244/03/2-4-2003 | 5 |
| 1998-99 | എൽ.എഫ്.പി12/414/02/1-10-2002 | 8 |
| 1999-2000 | എൽ.എഫ്.പി11/1557/09/6-9-2010 | 11 |
| 2000-2001 | എൽ.എഫ്.പി11/1247/08/ 19-2-2009 | 6 |
| 2001-02 | എൽ.എഫ്.പി11/1542/09/ 13-4-2010 | 4 |
| 2002-03 | എൽ.എഫ്.പി11/79/09/11-2-2009 | 5 |
| 2003-04 | എൽ.എഫ്.പി11/948/08/ 22-10-2009 | 12 |
| 2004-05 | എൽ.എഫ്.പി11/1371/11/ 20-9-2011 | 19 |
| 2005-06 | എൽ.എഫ്.പി19/595/15/11-6-15 | 11 |
| 2006-07 | എൽ.എഫ്.പി11/1332/spl.cell/C.Sc/D3 /12/1-1-13 | 2 |
| 2007-08 | എൽ.എഫ്.പി11/375/12/ 10.4.12 | 1 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി11/1979/11/ /16-1-12 | 10 |
| 2009-10 & 2010-11 | കെ.എസ്.എ.പി.കെ.ഡി-19/328/16(2) /20.3.17 | 11 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17 | 19 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17 | 26 |
| 2015- 2016 | കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17 | 14 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# 1

# അനുബന്ധം-1

നം. കെ.എസ്.എ-പികെഡി.19-1395/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി-13-08-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. ആസ്തിമൂലം കാലികമാക്കി സാഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യത്തിൽ കൃത്യതയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-19-1395/2017

Kerala State Audit Department

District Audit Office, Palakkad

Date -13-08-2017

## Audit Certificate

Certified that I have audited the Annual Financial Statement of Pattanchery Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pattanchery Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset value not ascertained and included in Sankhya.Hence asset details in the balance sheet not reflects actual value.

Deputy Director